## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1202      14.06.2012 - ൽ മറുപടിയ്ക്ക്

## കോങ്ങാട് റസ്റ്റ് ഹൗസ് നിർമ്മാണം

| ചോദ്യം<br>ശ്രീ. കെ. വി. വിജയദാസ് | ഉത്തരം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
|---|---|
| (എ) കോങ്ങാട് 'റസ്റ്റ് ഹൗസ്' നിർമ്മാണം 2012-13 ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചു കിട്ടുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾക്ക് നടപടികൾ തുടങ്ങാവുന്നതാണെന്നും ഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നോ ; | (എ) പ്രഖ്യാപിച്ചിരുന്നു. |
| (ബി) ബഡ്ജറ്റിൽ പോലും 'കോങ്ങാട് റസ്റ്റ് ഹൗസ്' ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) 2012-13 ബഡ്ജറ്റിൽ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II, ഭാഗം IV, 274-ാം പേജിൽ 142-ാം ഇനമായി "കോങ്ങാട് പി.ഡബ്ല്യൂ.ഡി റസ്റ്റ് ഹൗസ് കെട്ടിട നിർമ്മാണം" എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| (സി) ഇക്കാര്യത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളുടെ വിശദാംശം നൽകുമോ? | (സി) എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ